# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ആറന്മുള ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി11-147/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 23/02/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആറന്മുള ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി11-147/22 തീയ്യതി: 23/02/2022

## പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 13-01-2022 | 29-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-01-2022 | 29-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അനിൽകുമാർ സി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. മഹേഷ് കുമാർ കെ ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (22.1.2022 വരെ)

ശ്രീ. അരുൺ പി ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി സിന്ധുമോൾ വി എൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഐഷാ പുരുഷോത്തമൻ | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| ഭരണ നിർവ്വഹണ സമിതി | പ്രസിഡന്റ് | 01-11-2020 | 29-12-2020 |
| ശ്രീമതി ഷിജ റ്റി റ്റോജി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. വിജയ് എസ് | സെക്രട്ടറി | 01-04-2020 | 09-06-2020 |
| ശ്രീമതി ശ്രീദേവി ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-06-2020 | 17-06-2020 |
| ശ്രീ. സൈമൺ വർഗ്ഗീസ് | സെക്രട്ടറി | 18-06-2020 | 06-02-2021 |
| ശ്രീമതി ശ്രീദേവി ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-02-2021 | 09-02-2021 |
| ശ്രീ. ശ്രീകുമാർ ആർ | സെക്രട്ടറി | 10-01-2021 | 18-03-2021 |
| ശ്രീമതി ശ്രീദേവി ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീദേവി ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി ആരതി മോഹൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 30-04-2020 |
| ശ്രീമതി ബിന്ദു എസ് കരുണാകരൻ | അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻ-ചാർജ്ജ്) | 01-05-2020 | 29-07-2020 |
| ശ്രീമതി ലക്ഷ്മിപ്രിയ റ്റി ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 30-07-2020 | 14-02-2021 |
| ശ്രീ. ഉണ്ണികൃഷ്ണൻ പിള്ള കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 15-02-2021 | 31-03-2021 |
| ഡോ. അഖില രാജ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ. സൈറ ജോൺ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ. ഷിജി പാപ്പച്ചൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ഡോ. പ്രദീപ്കുമാർ പി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി ഗീതാദേവി ആർ | പ്രധാനാദ്ധ്യാപിക | 01-04-2020 | 31-03-2021 |
| ശ്രീമതി ദിവ്യശ്രീ എസ് | കൃഷി ഓഫീസർ | 01-04-2020 | 03-09-2020 |
| ശ്രീമതി നസീറാ ബീഗം | കൃഷി ഓഫീസർ (ഇൻ- | 04-09-2020 | 28-09-2020 |

| | | | |
|---|---|---|---|
| ബി | ചാർജ്ജ്) | | |
| ശ്രീമതി ലിനി ജേക്കബ് | കൃഷി ഓഫീസർ (ഇൻ-ചാർജ്ജ്) | 29-09-2020 | 13-10-2020 |
| ശ്രീമതി ചന്ദന ആർ | കൃഷി ഓഫീസർ | 14-10-2020 | 31-03-2021 |
| ശ്രീ. പ്രതാപ് കെ എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 01-04-2020 | 31-03-2021 |
| ശ്രീ. സന്തോഷ് ജോസഫ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 01-04-2020 | 31-03-2021 |
| ശ്രീമതി മിനിമോൾ എം എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 08-11-2020 |
| ശ്രീമതി ജയമോൾ കെ കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 09-11-2020 | 31-03-2021 |
| ശ്രീമതി വീണ രാജൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ. സുരേഷ് ആർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Arun S Nair (Asst. Audit Officer, On 14-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 14-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Arun S Nair (Asst. Audit Officer, On 29-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 29-01-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Arun S Nair (Asst. Audit Officer, On 14-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 14-01-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Arun S Nair (Asst. Audit Officer, On 29-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 30-01-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Arun S Nair (Asst. Audit Officer, On 30-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 30-01-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Arun S Nair (Asst. Audit Officer, On 30-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 30-01-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Arun S Nair (Asst. Audit Officer, On 27-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 30-01-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Arun S Nair (Asst. Audit Officer, On 26-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 26-01-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Arun S Nair (Asst. Audit Officer, On 29-01-2022)<br>Last Updated By: C. Anilkumar (Audit Officer, On 01-02-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Arun S Nair (Asst. Audit Officer, On 19-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 19-01-2022) | 1-10 |
| 11 | രസീതുബുക്കുകളുടെ പരിശോധന-അപാകങ്ങൾ<br>Written By: SINDHUMOL V N (Auditor, On 30-01-2022)<br>Last Updated By: SINDHUMOL V N (Auditor, On 30-01-2022) | 1-11 |
| 12 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല<br>Written By: SINDHUMOL V N (Auditor, On 31-01-2022)<br>Last Updated By: SINDHUMOL V N (Auditor, On 31-01-2022) | 1-12 |
| 13 | ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു<br>Written By: SINDHUMOL V N (Auditor, On 31-01-2022)<br>Last Updated By: SINDHUMOL V N (Auditor, On 31-01-2022) | 1-12-1 |
| 14 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: SINDHUMOL V N (Auditor, On 31-01-2022)<br>Last Updated By: SINDHUMOL V N (Auditor, On 31-01-2022) | 1-13 |
| 15 | ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല<br>Written By: SINDHUMOL V N (Auditor, On 31-01-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 23-02-2022) | 1-13-1 |
| 16 | 2.12 കോടി രൂപയുടെ ഫണ്ട് ലാപ്സാക്കി<br>Written By: Arun S Nair (Asst. Audit Officer, On 30-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 31-01-2022) | 1-14 |
| 17 | സി.എച്ച്.സി സബ് സെന്ററിന്റെ വൈദ്യുതി കുടിശ്ശിക ഒടുക്കിയത് ക്രമപ്രകാരമല്ല | 1-15 |

| | | |
|---|---|---|
| | Written By: Arun S Nair (Asst. Audit Officer, On 31-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 31-01-2022) | |
| 18 | ഔദ്യോഗിക വാഹനത്തിന്റെ പരിപാലനം - അപാകതകൾ<br>Written By: Arun S Nair (Asst. Audit Officer, On 30-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 30-01-2022) | 1-16 |
| 19 | ജലജീവൻ മിഷൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല<br>Written By: Arun S Nair (Asst. Audit Officer, On 30-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 31-01-2022) | 1-17 |
| 20 | ലൈഫ് ഭവന നിർമ്മാണ പദ്ധതി - ആനുകൂല്യം കൈപ്പറ്റിയവർ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: Arun P B (Senior Grade Auditor, On 31-01-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 23-02-2022) | 1-18 |
| 21 | കോമാട്ടുപടി കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടില്ല<br>Written By: Arun S Nair (Asst. Audit Officer, On 30-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 31-01-2022) | 1-19 |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പ്രോജക്ട് നടത്തിപ്പിലെ അപാകത<br>Written By: Arun S Nair (Asst. Audit Officer, On 31-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 31-01-2022) | 1-20 |
| 23 | പൊതുടാപ്പുകളുടെ വെള്ളക്കരം കുറയ്ക്കാൻ നടപടികൾ സ്വീകരിക്കുന്നില്ല<br>Written By: Arun S Nair (Asst. Audit Officer, On 30-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 31-01-2022) | 1-21 |
| 24 | ഹോമിയോ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു<br>Written By: SINDHUMOL V N (Auditor, On 30-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 31-01-2022) | 1-22 |
| 25 | ജി.എസ്.ടി തുക ഈടാക്കിയില്ല.<br>Written By: K R Maheshkumar (Asst. Audit Officer, On 01-02-2022)<br>Last Updated By: K R Maheshkumar (Asst. Audit Officer, On 01-02-2022) | 1-23 |
| 26 | ബിറ്റുമിൻ ഉപയോഗിച്ചതിന്റെ ബില്ലുകളുടെ അഭാവത്തിൽ കരാറുകാർക്കു തുക അനുവദിച്ചു<br>Written By: K R Maheshkumar (Asst. Audit Officer, On 01-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 23-02-2022) | 1-24 |
| 27 | അഗതി രഹിത കേരളം പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ല<br>Written By: Arun S Nair (Asst. Audit Officer, On 31-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 31-01-2022) | 1-25 |
| 28 | സെൽഫ് ഡിക്ളറേഷൻ ഫാറമില്ലാതെ കരാറുകാർക്ക് ജിഎസ് ടി കോമ്പൻസേഷൻ<br>Written By: K R Maheshkumar (Asst. Audit Officer, On 01-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 23-02-2022) | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Arun S Nair (Asst. Audit Officer, On 30-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 30-01-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Arun S Nair (Asst. Audit Officer, On 29-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 30-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Arun S Nair (Asst. Audit Officer, On 29-01-2022) | 4-3 |

| | | |
|---|---|---|
| | Last Updated By: Arun S Nair (Asst. Audit Officer, On 29-01-2022) | |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Arun S Nair (Asst. Audit Officer, On 29-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 29-01-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Arun S Nair (Asst. Audit Officer, On 29-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 29-01-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Arun S Nair (Asst. Audit Officer, On 29-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 29-01-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Arun S Nair (Asst. Audit Officer, On 22-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 22-01-2022) | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Arun S Nair (Asst. Audit Officer, On 29-01-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 29-01-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Arun S Nair (Asst. Audit Officer, On 31-01-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 23-02-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Arun S Nair (Asst. Audit Officer, On 30-01-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 23-02-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

32953557.50 രൂപ മുന്നിരിപ്പും 223019000/- രൂപ വരവും 240380000/- രൂപ ചെലവും 15592557.50 രൂപ നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് 27.3.2020-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 27.2.2021-ലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനാകാര്യ പത്രിക 7.5.2021-ൽ എയിംസിൽ മുഖേന സമർപ്പിച്ചു. പ്രസ്തുത വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു-

1. ഷെഡ്യൂൾ ബി-3-ൽ 2018-19-ലെ വാർഷിക ധനകാര്യ പത്രികയിലെ തുക തന്നെയാണ് ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ (52806451/- ) ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവായ തുക ഇവിടെ ഉൾപ്പെടുത്തിയിട്ടില്ല.
2. ഷെഡ്യൂൾ ബി-4-ൽ Centrally Sponsored Scheme - ICDS എന്ന ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ബാലൻസ് (1285523/-) ബന്ധപ്പെട്ട രജിസ്റ്ററിലെ തുകയുമായി (693004/-) പൊരുത്തപ്പെടുന്നില്ല.
3. ഷെഡ്യൂൾ ബി-4-ൽ Grants From Suchitwa Mission എന്ന ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ബാലൻസ് (1975952/-) ബന്ധപ്പെട്ട രജിസ്റ്ററിലെ തുകയുമായി (1811141/-) പൊരുത്തപ്പെടുന്നില്ല.
4. ഷെഡ്യൂൾ ബി-4-ൽ Contributions For Joint Venture Projects (Capital) - Block Panchayat ഇനത്തിലുള്ള തുകയായ 135763/- രൂപ 31.3.2018 മുതൽ അവശേഷിക്കുന്ന തുകയാണ്. പ്രസ്തുത തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.
5. ഷെഡ്യൂൾ ബി-4-ൽ Contributions For Joint Venture Projects (Capital) - District Panchayat ഇനത്തിലുള്ള ബാലൻസ് തുകയായ 497324/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല.
6. ഷെഡ്യൂൾ ബി-4-ലെ Joint Venture Projects (Revenue)- Disrict Panchayat, Contibutions For Other Specific Purposes (Capital)- Block Panchayat, Contibutions For Other Specific Purposes (Revenue)- Block Panchayat എന്നീനങ്ങളിലെ ബാലൻസ് തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.
7. ഷെഡ്യൂൾ ബി-5-ൽ ലോൺ തുകയുടെ ഒടുക്കാൻ അവശേഷിക്കുന്ന ബാലൻസായി രേഖപ്പെടുത്തിയിട്ടുള്ളത് 6510377/- രൂപയാണ്, എന്നാൽ വർഷാവസാനം 5037043/- രൂപ മാത്രമാണ് ഒടുക്കാൻ അവശേഷിക്കുന്നത്. സ്രോതസ്സിൽ നിന്നും കുറവു ചെയ്ത 804510/- രൂപ ഷെഡ്യൂൾ I-6-ൽ ഉൾപ്പെടുത്തിയിട്ടില്ല.
8. സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ ഷെഡ്യൂൾ I-6-ൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ സേവന പെൻഷൻ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
9. ഓരോയിനം ഡെപ്പോസിറ്റിന്റെയും വാർഷിക സംക്ഷിപ്തമില്ലാത്തതിനാൽ ഷെഡ്യൂൾ ബി-7-ൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധയിനം ഡെപ്പോസിറ്റ് ബാലൻസുകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.
10. ഷെഡ്യൂൾ ബി-11 പ്രകാരമുള്ള ആസ്തിയുടെ മൂല്യനിർണ്ണയം രേഖപ്പെടുത്തിയിട്ടുള്ളത് കൃത്യമല്ല. പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവിന്റെ മൂല്യം കേവലം 29000/- രൂപ എന്നാണ് കാണിച്ചിട്ടുള്ളത്. വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ, കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്നീ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ആസ്തിയായി കാണിക്കാത്തത് മൂലം മുൻ വർഷത്തെ തുക തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
11. വസ്തു നികുതിയിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 40597038.50 |
| വരവ് | 105036832 |
| ആകെ | 145633870.50 |
| ചെലവ് | 119689348 |
| നീക്കിയിരിപ്പ് | 25944522.50 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നിക്കിയിരിപ്പ് | |
|---|---|---|---|---|---|---|
| | | | | | ട്രഷറി ക്യൂബിൽ | ലാപ്സായത് |
| വികസന ഫണ്ട് (ജനറൽ) | 0 | 21509000 | 21509000 | 17880908 | 0 | 3628092 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 19973000 | 19973000 | 13612144 | 0 | 6360856 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 161000 | 161000 | 0 | 0 | 161000 |
| ധനകരാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 6100000 | 6100000 | 1580416 | 0 | 4519584 |
| ധനകരാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 12235459 | 12235459 | 7095489 | 0 | 5139970 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 26661000 | 26661000 | 22749576 | 0 | 3911424 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4449000 | 4449000 | 3428811 | 0 | 1020189 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| SSA | 9065 | 0 | 9065 | 0 | -- | 9065 |
| സാക്ഷരത | 3009 | 12 | 3121 | 0 | -- | 3121 |
| WGDP | 19579 | 558 | 20137 | 0 | -- | 20137 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| MGNREGS | 586291 | 27264512 | 27850803 | 27342065 | -- | 418738 |
| ഐ.സി.ഡി.എസ് | 2147134 | 1246470 | 3393604 | 2108081 | -- | 128523 |
| മറ്റ് ഫണ്ടുകൾ | | | | | | |
| ദുരിതാശ്വാസ നിധി | 7570 | 293 | 7863 | 0 | -- | 7863 |
| ഇ-പേയ്മെന്റ് | 460271 | 1247458 | 1707729 | 0 | -- | 1707729 |

പഞ്ചായത്ത് സമർപ്പിച്ച ഗ്രാന്റ് പത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു-

1. വികസന ഫണ്ട് (ജനറൽ) ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറച്ചത് അംഗൻവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുകയിൽ 1708200/- രൂപ വരവിനത്തിലും ചെലവിനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.
2. വികസന ഫണ്ട് (ജനറൽ) ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറച്ചത് ലൈഫ് മിഷൻ വായ്പയുടെ മുതൽ തിരിച്ചടവ് 511961/- രൂപ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.
3. ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി) (292549/-) തുക (സ്രോതസ്സിൽ നിന്നും കുറച്ചത്) വികസന ഫണ്ട് (എസ്.സി.പി) വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.
4. വോട്ടിംഗ് മെഷിന് വാങ്ങുന്നതിനുള്ള തുക (44999/-) തുക (സ്രോതസ്സിൽ നിന്നും കുറച്ചത്) റോഡിതര സംരക്ഷണ ഗ്രാന്റ് വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 428 | 148168791 | 309 | 81860067 | 119 | 55.24 |

പഞ്ചായത്തിന്റെ പദ്ധതി നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു-

1. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലും വികസന ഫണ്ടും (ജനറൽ), റോഡ് സംരക്ഷണ ഫണ്ടും പൂർണ്ണമായി ചെലവഴിക്കാൻ സാധിച്ചത് പ്രശംസനീയമാണ്.

2.പഞ്ചായത്തിനെ ഒരു യൂണിറ്റായി കണക്കാക്കി പദ്ധതി ആസൂത്രണം നടത്തണമെന്ന തത്വം പാലിക്കപ്പെട്ടിട്ടില്ല. മിക്ക പ്രോജക്ടുകളും (ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളും) വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളത്.

3.പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനം ലക്ഷ്യമിട്ട് സർക്കാർ നൽകുന്ന റ്റി.എസ്.പി ഫണ്ടിൽ ചെലവ് നടന്നിട്ടില്ല എന്നത് കുറ്റകരമായ അനാസ്ഥയാണ് പഞ്ചായത്തിന്റെ ഭാഗത്തിൽനിന്നും ഉണ്ടായിട്ടുള്ളത്.സാമൂഹ്യനീതി ഉറപ്പാക്കുക എന്ന പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മുൻഗണന തെറ്റിക്കുന്ന സമീപനമാണ് ഇപ്രകാരം ചെയ്യുന്നത്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു-

| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പ്രോജക്ടുകൾ* | *നടപ്പിലാക്കിയ പ്രോജക്ടുകൾ* | *അടങ്കൽ തുക* | *ചെലവഴിച്ച തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|---|
| സെക്രട്ടറി | 30 | 18 | 13962860 | 6460368 | 46.27 |
| അസിസ്റ്റന്റ് സെക്രട്ടറി | 18 | 12 | 4751657 | 2688208 | 56.57 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 279 | 196 | 72335957 | 40665627 | 56.21 |
| കൃഷി ഓഫീസർ | 18 | 17 | 6820557 | 6019698 | 88.28 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 29 | 22 | 31467634 | 15358953 | 48.81 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 9 | 5115380 | 4176617 | 81.65 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 12 | 11 | 2775766 | 1711175 | 61.65 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 125000 | 125000 | 100.00 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 3 | 3 | 615000 | 613000 | 99.67 |
| വെറ്ററിനറി സർജൻ | 9 | 6 | 5065200 | 1027040 | 20.27 |
| പ്രധാനാദ്ധ്യാപിക, ജി.എൽ.പി.എസ് | 7 | 5 | 1838000 | 1767928 | 96.19 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 6 | 6 | 1930000 | 958960 | 49.69 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 2 | 1365780 | 287493 | 21.05 |
| | 428 | 309 | 148168791 | 81860067 | 55.24 |

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ആവിഷ്കരിച്ച പ്രോജക്ടുകൾ പൂർണ്ണമായി നടപ്പിലാക്കാൻ ശ്രമിച്ചിട്ടുള്ളത് അഭിനന്ദനാർഹമാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 586291 | 1160856 | 1747147 | 1328409 | 418738 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 25982656 | 25982656 | 25892656 | 0 |
| 100 തൊഴിൽദിനം പൂർത്തിയാക്കിയവർക്ക് നൽകിയ ബോണസ് തുക | 0 | 121000 | 121000 | 121000 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 586291 | 27264512 | 27850803 | 27342065 | 418738 |

## 1-7 ക്ഷേമ പദ്ധതികൾ

| *പെൻഷൻ ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *ചെലവ് തുക* |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 3108 | 68199200 |
| വിധവാ പെൻഷൻ | 995 | 22329500 |
| കർഷക തൊഴിലാളി പെൻഷൻ | 441 | 9893500 |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 313 | 6997200 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 29 | 611700 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.1.2022-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 609/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ചു നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്. എല്ലാ ബാങ്ക് അക്കൗണ്ടുകളും മാസാവസാനം റിക്കൺസിലിയേഷൻ നടത്തുന്നുണ്ട്. വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ്-വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുത്താൻ നാളിതുവരെ സാധിച്ചിട്ടില്ല.

പഞ്ചായത്തിലെ പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നിവ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ചുമതലകൾ ഗ്രാമസഭയിൽ നിക്ഷിപ്തമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭകളിൽ ജനപങ്കാളിത്തം വളരെ കുറവാണ്. പരമാവധി ആളുകളെ ഗ്രാമസഭകളിൽ പങ്കെടുപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഗ്രാമസഭാ കൺവീനർമാരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. ഗ്രാമസഭകളിൽ ക്രിയാത്മകമായ ചർച്ചകൾ ഉണ്ടാകുന്നില്ല. ഗ്രാമസഭയിൽ നിന്നും വരുന്ന നിർദ്ദേശങ്ങൾ പദ്ധതി ആസൂത്രണത്തിൽ പ്രതിഫലിക്കുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. പല വർക്കിംഗ് ഗ്രൂപ്പുകളും കേവലം പേരിനുള്ളവ മാത്രമാണ്. കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ എന്നിവയുടെ വർക്കിംഗ് ഗ്രൂപ്പ് ഓഡിറ്റ് വർഷം കൂടിയിട്ടില്ല. ഒട്ടുമിക്ക വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സുകളും സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ജനറൽ കമ്മിറ്റിയുടെ മിനിട്ട്സ് സകർമ്മ സോഫ്റ്റ വെയർ ഉപയോഗിച്ചാണ് രേഖപ്പെടുത്തുന്നത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ എല്ലാ മാസത്തിലെ വരവ്-ചെലവ് കണക്കുകൾ അംഗീകരിക്കുക എന്നത് മാത്രമാണ് ചെയ്യുന്നത്. പുതിയ വരുമാന മാർഗ്ഗം കണ്ടെത്തുകയോ, ചെലവ് നിയന്ത്രണം ഉൾപ്പെടെയുള്ള പഞ്ചായത്തിന്റെ സാമ്പത്തിക പുരോഗതിയ്ക്കുള്ള കാര്യങ്ങൾ ഒന്നും ചർച്ച ചെയ്യപ്പെടുന്നില്ല. കമ്മിറ്റിയിൽ വിദ്യാഭ്യാസ മേഖലയെ പൂർണ്ണമായി അവഗണിച്ച് ആരോഗ്യ മേഖലയിലെ വിഷയങ്ങൾ മാത്രമാണ് ചർച്ച ചെയ്യുന്നത്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അർഹത പരിശോധനയ്ക്ക് ശേഷം ലഭിക്കുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ അപേക്ഷകൾ ജനറൽ കമ്മിറ്റിയ്ക്ക് അനന്തര നടപടികൾക്കായി നൽകുന്ന ചുമതല മാത്രമാണ് ചർച്ച ചെയ്യുന്നത്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം താരതമ്യേന തൃപ്തികരമാണ്.

വാടക രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ എന്നവയിൽ ഡി.സി.ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധയിനം ഡെപ്പോസിറ്റുകൾ ഒരുമിച്ചാണ് എഴുതിയിട്ടുള്ളത്. വാർഷിക സംക്ഷിപ്തവും തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

നാളിതുവരെ ആർജ്ജിച്ചിട്ടുള്ള എല്ലാ ആസ്തികളുടെയും വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.ജീവനക്കാരുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പേര് വിവരങ്ങൾ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വിവിധ നിർവ്വഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരങ്ങൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.
അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്ന വിവിധ മരാമത്ത് പ്രവൃത്തികൾക്കായി ചമയ്ക്കുന്ന കരാർ

ഉടമ്പടിൽ കരാർ കാലാവധി സംബന്ധിച്ച് വ്യവസ്ഥ ഉൾപ്പെടുത്തുന്നില്ല. കരാർ കാലാവധി ലംഘിക്കുന്ന കരാറുകാർക്കെതിരെ നിയമ നടപടി സ്വീകരിക്കണമെങ്കിൽ പ്രസ്തുത വ്യവസ്ഥ ഉൾപ്പെടുത്തിയേ മതിയാവൂ. ആയതിന് വേണ്ട നിർദ്ദേശം ഭരണ സമിതിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്. മരാമത്ത് പ്രവൃത്തിയുടെ കരാറിലേർപ്പെടുന്ന കരാറുകാർ ജാമ്യമായി വയ്ക്കുന്ന പെർഫോമൻസ് ഗ്യാരണ്ടി, അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി എന്നിവയായി അസി.എഞ്ചിനിയറുടെ പേരിൽ പ്ലെഡ്ജ് ചെയ്ത് സമർപ്പിക്കുന്ന ട്രഷറി/ബാങ്ക് സ്ഥിര നിക്ഷേപ രസീതുകൾ സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഓരോ പേജിലായി അലക്ഷ്യമായി വച്ചിരിക്കുകയാണ്. ആയത് ചെസ്റ്റ് /ലോക്കറിൽ സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.8.2012- 25.8.2012 | 2007-08 മുതൽ 2011-12 വരെ | 19.10.2012 |
| പെർഫോമൻസ് ഓഡിറ്റ് | 21.7.2021- 26.7.2021 | 1-2020 മുതൽ 3-2020 വരെ | 26.7.2021 |

## 1-11 രസീതുബുക്കുകളുടെ പരിശോധന-അപാകങ്ങൾ

പഞ്ചായത്തിൽ നിന്ന് വിവിധ നിർവ്വഹണോദ്യോഗസ്ഥർക്ക് വിതരണം ചെയ്യുന്ന രസീതുബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്, ആർക്കാണ് വിതരണം ചെയ്തിരിക്കുന്നത് എന്നീ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. (ബുക്ക് നം.31239, 54251) .നിർവ്വഹണോദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീതുബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. (ബുക്ക് നം. 54258, 54261, 31239)

മേൽസൂചിപ്പിച്ച പ്രകാരമുള്ള അപാകതകൾ ഉടർവർഷങ്ങളിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-12 സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല

തൊഴിൽനികുതി പിരിവ് പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| | |
|---|---|
| മുത്തൂററ് ഫിൻകോർപ്പ്,ആറന്മുള | രണ്ടാം അർദ്ധവർഷം |
| മുത്തൂററ് ഫിൻകോർപ്പ്, കിടങ്ങന്നൂർ | രണ്ടാം അർദ്ധവർഷം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 11/25.01.22) മറുപടി ലഭ്യമാക്കിയില്ല. മേല്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-12-1 ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്ന

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2020-21 വർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| | |
|---|---|
| മുത്തൂററ് ഫിൻകോർപ്പ്,ആറന്മുള | രണ്ടാം അർദ്ധ വർഷം |
| മുത്തൂററ് ഫിൻകോർപ്പ്, കിടങ്ങന്നൂർ | രണ്ടാം അർദ്ധ വർഷം |
| പോസ്ററ് ഓഫീസ്, മാലക്കര | രണ്ടാം അർദ്ധ വർഷം |
| പോസ്ററ് ഓഫീസ്, എരുമക്കാട് | രണ്ടാം അർദ്ധ വർഷം |
| ചെറിയാൻ മെമ്മോറിയൽ എക്സറെ & ലാബ് | രണ്ടാം അർദ്ധ വർഷം |
| മാവേലി സ്റ്റോർ, കിടങ്ങന്നൂർ | രണ്ടാം അർദ്ധ വർഷം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 11/25.01.22) മറുപടി ലഭ്യമാക്കിയില്ല.മേല്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

2019-20, 2020-21 വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച കരാറുകാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | സാമ്പത്തിക വർഷം |
|---|---|---|
| 1 | വിനീത് രാജൻ,കാട്ടുൻപറമ്പിൽ, വല്ലന | 2019-20 &2020-21 |
| 2 | പ്രസാദ്ടി.എൻ,കാവിൽകിഴക്കേതിൽ, ഇടയാറൻമുള | 2019-20 &2020-21 |
| 3 | വേണുഗോപാലൻനായർ, വേണു സദനം,ഇടയാറൻമുള | 2019-20 &2020-21 |
| 4 | ജോജി തോമസ്,നെടിയകാലായിൽ, ഇടയാറൻമുള | 2019-20 &2020-21 |
| 5 | വിവേകാനന്ദ സൊസൈററി, മാലക്കര | 2019-20 &2020-21 |
| 6 | മുരളീധരൻ, മധുകോടിക്കൽ, ആറൻമുള | 2019-20 &2020-21 |
| 7 | വി.കെ.ബാബുരാജൻ, പറമ്പിൽ, കോട്ട | 2019-20 |
| 8 | പി.ആർ.പുരുഷോത്തമൻ നായർ,പുത്തൻപുരയിൽ,ഇടയാറൻമുള | 2019-20 |
| 9 | മോഹനൻ ടി, ഇരപ്പൻപാറ,കുറിച്ചിമുട്ടം | 2019- 20 &2020-21 |
| 10 | അനിൽ കുമാർ എൻ.സി, സൗപർണിക, കോട്ട | 2019- 20 &2020-21 |
| 11 | എം.കെ.ചന്ദ്രബോസ്, മേലേമണ്ണിൽ, കാഞ്ഞീററുകര | 2019- 20 |
| 12 | സുദർശൻ ആർ, സുദർശന വിലാസം, മാത്രൂർ | 2020-21 |
| 13 | കെ.ജി.വിൽസൻ,എൻ.എസ്.കോട്ടേജ്,പറന്തൽ | 2020-21 |
| 14 | കെ.കെ.രാജൻ,കാട്ടുൻപറമ്പിൽ,കോട്ട | 2019- 20 & 2020-21 |
| 15 | വിഷ്ണു എം.,മുല്ലക്കൽ, മല്ലപ്പുഴശ്ശേരി | 2020-21 |
| 16 | രതീഷ് കുമാർ,രതീഷ് ഭവൻ,കോട്ട | 2020-21 |
| 17 | ജയപ്രകാശ്, സതിമന്ദിരം, ആറൻമുള | 2020-21 |
| 18 | രാജശേഖര കുറുപ്പ്, ശിവശൈലം, | 2020-21 |
| 19 | പ്രസാദ് കുമാർ ആർ,താഴമ്പാൽ,കോയിപ്രം | 2020-21 |
| 20 | അനൂപ് യു. താമരയ്യത്ത്,പെരുമ്പുളിക്കൽ | 2020-21 |

മേൽ പരാമർശിച്ചിട്ടുള്ള കരാറുകാർ മറ്റേതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതും അല്ലാത്തപക്ഷം ചട്ട പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

## 1-13-1 ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

ഓഡിറ്റ് വർഷം താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി അടയ്ക്കുകയോ ചെയ്തിട്ടില്ല.

(എ) റേഷൻ റീട്ടെയിൽ ഡിപ്പോകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ

പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.2019) അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 19 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയൊന്നും തന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ല.

ടി റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ബി) ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

പഞ്ചായത്ത് പരിധിയിൽ 4 ക്ഷീരോല്പാദക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത്. സംഘങ്ങളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

1. ഇടയാറൻമുള ക്ഷീരോല്പാദക സഹകരണ സംഘം

2.കോട്ട ക്ഷീരോല്പാദക സഹകരണ സംഘം

3.കിടങ്ങന്നൂർ ക്ഷീരോല്പാദക സഹകരണ സംഘം

4.നീർവിളാകം ക്ഷീരോല്പാദക സഹകരണ സംഘം

മേൽ ക്ഷീരോല്പാദക സംഘങ്ങളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ അടിയന്തിരമായി ഈടാക്കുവാൻ ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുംസെക്രട്ടറിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-14 2.12 കോടി രൂപയുടെ ഫണ്ട് ലാപ്സാക്കി

2020-21 വർഷം ലഭിച്ച വിവിധ ഫണ്ടുകളും അവയുടെ ചെലവും സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു-

| *ഫണ്ട് ഇനം* | *വരവ്* | *ചെലവ്* | *ലാപ്സായ തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 21509000 | 17880908 | 3628092 | 83.13 |
| വികസന ഫണ്ട് (എസ്.സി.പി) | 19973000 | 13612144 | 6360856 | 68.15 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 161000 | 0 | 161000 | 0.00 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 12235459 | 7095489 | 5139970 | 57.99 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 26661000 | 22749576 | 3911424 | 85.33 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 4449000 | 3428811 | 1020189 | 77.07 |
| | | | 21211531 | |

വികസന ഫണ്ട് (എസ്.സി.പി), ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയിലെ ചെലവ് വളരെ കുറവാണ്. റ്റി.എസ്.പി ഫണ്ട് പൂർണ്ണായി ലാപ്സാക്കിയിട്ടുണ്ട്. പഞ്ചായത്ത് ഭരമസമിതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രതിമാസ യോഗത്തിൽ ഫണ്ട് യഥാസമയം ചെലവഴിക്കാത്തതിന്റെ കാരണങ്ങൾക്ക് (ഗുണഭോക്താക്കളുടെ അഭാവം, ഗുണഭോക്തൃ വിഹിതം ഒടുക്കാനുള്ള പ്രയാസം, ടെണ്ടർ നടപടികളുടെ കാലതാമസം, സാധനങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം ഉൾപ്പെടെ) പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുകയും ഫണ്ടുകളുടെ പൂർണ്ണമായ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്. സമയബന്ധതമായി ഫണ്ടുകൾ ചെലവഴിക്കാത്തത് മൂലം പഞ്ചായത്തിന് 2.12 കോടി രൂപ നഷ്ടപ്പെട്ടതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-15 സി.എച്ച്.സി സബ് സെന്ററിന്റെ വൈദ്യുതി കുടിശ്ശിക ഒടുക്കിയത് ക്രമപ്രകാരമല്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | വൈദ്യുതി കുടിശ്ശിക അടയ്ക്കൽ - ഏഴിക്കാട് സബ് സെന്റർ (227/21) |
| വകയിരുത്തൽ | 85000/- (വികസന ഫണ്ട് - ജനറൽ) |
| ചെലവ് | 75133/-<br>ട്രഷറി ബിൽ നം. 2007025013300769953/25.11.2020 – 75133 |

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് പ്രകാരം സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിന്റെ കീഴിലുള്ള ഏഴിക്കാട് സബ്സെന്ററിന്റെ വൈദ്യുതി ചാർജ്ജിനത്തിലുള്ള കുടിശ്ശികയും പലിശയുമുൾപ്പെടെയാണ് തുക ഒടുക്കിയത്. ഏഴിക്കാട് സബ്സെന്ററിൽ വൈദ്യുതി 1993 മുതൽ ഉപയോഗിച്ചിട്ടില്ലെന്നും 15.6.2013-ൽ വൈദ്യുതി കണക്ഷൻ റദ്ദാക്കിയിട്ടുണ്ട്. കത്ത് നമ്പർ ബിബി/mkz/2019-20/OTS/26.11.2019 അനുസരിച്ച് പ്രസ്തുത സബ്സെന്ററിന്റെ വൈദ്യുതി ചാർജ്ജ് കുടിശ്ശികയും നാളിതുവരെയും പലിശയുമുൾപ്പെടെ 68067/- രൂപ ഒടുക്കണമെന്നും, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 15483/- രൂപ പലിശയിനത്തിൽ ഇളവു ചെയ്ത് 52224/- രൂപയാക്കി അടയ്ക്കേണ്ട തുക

കുറച്ചിട്ടുണ്ട് എന്ന് അറിയിച്ചിരുന്നു.. ഈ വിഷയത്തിൽ പന്തളം ബ്ലോക്ക് പഞ്ചായത്തിന് കത്ത് നൽകിയെങ്കിലും അനുകൂല നടപടിയുണ്ടായില്ല. പ്രസ്തുത സബ്സെന്റർ ആറന്മുള ഗ്രാമപഞ്ചായത്തിന്റെ അധീനതയിലാണെന്നിരിക്കെ മേൽ സൂചിപ്പിച്ച തുക സംബന്ധിച്ച് ആറന്മുള ഗ്രാമപഞ്ചായത്തിന് അറിയിപ്പ് നൽകിയതായി കാണുന്നില്ല. ഇതിന് ശേഷം 14.10.2020-ൽ മുളക്കുഴ ഇലക്ട്രിക്കൽ സെക്ഷന് നൽകിയ കത്തിന്റെ മറുപടിയായി 21410/- രൂപ വൈദ്യുതി കുടിശ്ശികയും 49869/- രൂപ പിഴപ്പലിശയുമുണ്ടെന്നുള്ള മറുപടി ലഭിച്ചത്. ഈ വിഷയത്തിൽ 2015 മുതൽ 2018 വരെ സി.എച്ച്.സി-യുടെ ഭാഗത്ത് നിന്നും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. യഥാസമയം വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഒടുക്കാത്തത് മൂലം 22909/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. നിരവധി തവണ കത്ത് നൽകിയിട്ടും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഒരു നടപടിയും ഉണ്ടാക്കാഞ്ഞത് സി.എച്ച.സി മെഡിക്കൽ ഓഫീസർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ വരെ എത്തിയിട്ടുണ്ട്.

ഈ വിഷയത്തിൽ മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/27.1.2022) പ്രോജക്ട് റിവൈസ് ചെയ്യാനുണ്ടായ കാരണത്താലാണ് തുക ഒടുക്കാൻ വൈകിയത് എന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ. സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/27.1.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തുമായി 2013 മുതൽ നിരന്തരം കത്തിടപാടുകൾ നടത്തിയിട്ടും ഈ വിഷയത്തിൽ വൈദ്യുതി ചാർജ്ജ് യഥാസമയം ഒടുക്കു വരുത്തുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും വളരെ നിരുത്തരവാദപരമായ സമീപനമാണ് ഉണ്ടായിട്ടുള്ളത്. ആയതിനാൽ, സമഗ്രമായ വകുപ്പുതല അന്വേഷണം നടത്തി പിഴപ്പലിശ ബന്ധപ്പെട്ട സെക്രട്ടറിമാരുടെ വ്യക്തിപരമായ ബാദ്ധ്യതയായി നിശ്ചയിക്കേണ്ടതാണ്.

## 1-16 ഔദ്യോഗിക വാഹനത്തിന്റെ പരിപാലനം - അപാകതകൾ

പഞ്ചായത്ത് സെക്രട്ടറിയുടെ ഉടമസ്ഥതയിലുള്ള KL 3W 1818 എന്ന വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധത്തിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്-

1. വാഹനത്തിന്റെ മൈലേജ് ടെസ്റ്റ് നടത്തിയതിന്റെ (ആറ് മാസത്തിലൊരിക്കൽ) സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ ഒട്ടിച്ചിട്ടില്ല. 2019-20 കാലയളവിൽ വാഹനത്തിന്റെ മൈലേജ് ടെസ്റ്റിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.
2. കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി ലോഗ് ബുക്ക് ഇടക്കിടെ പരിശോധിച്ച് വാഹന ഉപയോഗം ക്രമപ്രകാരമാണോ എന്ന് ഉറപ്പുവരുത്തി പരിശോധനാ വിവരം രേഖപ്പെടുത്തേണ്ടതുമാണ് . എന്നാൽ, ഇപ്രകാരമുള്ള പരിശോധനകൾ നടത്തിയിട്ടില്ല.
3. ഇടയാറന്മുള IOB ബാങ്കിൽ കളക്ഷൻ തുക ഒടുക്കുവാൻ വേണ്ടി മാത്രം ഒട്ടുമിക്ക ദിവസങ്ങളിലും വാഹനം ഉപയോഗിച്ചതായി കാണുന്നു. അടിയന്തിര സാഹചര്യങ്ങളിൽ ഒഴികെ ഇപ്രകാരമുള്ള യാത്രകൾക്ക് ഔദ്യോഗിക വാഹനം ഉപയോഗിക്കുന്നത് ക്രമപ്രകാരമല്ല.
4. 18.11.2019-ന് യാത്രകൾ ആരംഭിച്ചപ്പോൾ Starting Km 127261 Ending Km 127289 എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആകെ 43 Km യാത്രയാണ് നടത്തിയത്. എന്നാൽ, 19.11.2019-ന് Starting Km 127224 Km എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
5. ലോഗ് ബുക്കിന്റെ 53 മുതൽ 104 വരെയുള്ള പേജുകളിൽ വ്യാപകമായ രീതിയിൽ തിരുത്തലുകൾ വരുത്തിയതിട്ടുണ്ട്. തിരുത്തലുകൾ ഒന്നും തന്നെ കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്നത് ശരിയായ നടപടിയല്ല.
6. ഔദ്യോഗിക യാത്രകൾക്ക് ശേഷം വാഹനം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥരുടെ ഒപ്പ് രേഖപ്പെടുത്തുന്നില്ല.

മേൽ സൂചിപ്പിച്ച അപാകതകൾ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/29.1.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ലോഗ് ബുക്ക്, റിപ്പയർ രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ ഉൾപ്പെടെയുള്ള വാഹനത്തിന്റെ എല്ലാ രേഖകളും രജിസ്റ്ററുകളും കൃത്യമാക്കി സൂക്ഷിക്കേണ്ടതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ജലജീവൻ മിഷൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | ജലജീവൻ മിഷൻ പദ്ധതി (540/21) |
| വകയിരുത്തൽ | 95200/- (വികസന ഫണ്ട് - ജനറൽ)<br>654800/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>1950000/- (തനത് ഫണ്ട്) |
| ചെലവ് | 750000/-<br>ട്രഷറി ബിൽ നം. 2007025201570101767670/30.1.2021 – 95200<br>ട്രഷറി ബിൽ നം. 2007025201570101767672/30.1.2021 – 654800 |

പഞ്ചായത്തിലെ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകുന്നതിന് ലക്ഷ്യമിടുന്നത് കേന്ദ്ര-സംസ്ഥാന സർക്കാറുകളും ഗ്രാമപഞ്ചായത്തും ചേർന്ന നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതി. ആറന്മുള പഞ്ചായത്തിലെ ആകെയുള്ള 8397 വീടുകളിൽ നിലവിൽ 898 വീടുകൾക്ക് കുടിവെള്ള കണക്ഷനുണ്ട്. നിലിവലെ കുടിവെള്ള പദ്ധതികളുടെ ശേഷി കണക്കിലെടുത്ത് 750 വീടുകളിൽ കൂടി കണക്ഷൻ ലഭ്യമാക്കാവുന്നതാണ്. ഇതിനായി 17937000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ചുവടെ പറയും പ്രകാരം ഫണ്ട് വിഭജനമുള്ളത്-

| ഫണ്ട് | തുക |
|---|---|
| കേന്ദ്ര സർക്കാർ (45 %) | 8071360 |
| സംസ്ഥാന സർക്കാർ (30 %) | 5380906 |
| ഗ്രാമപഞ്ചായത്ത് (15 %) | 2690453 |
| ഗുണഭോക്തൃ വിഹിതം (10 %) | 1793636 |
| ആകെ | 17936356 |

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് പ്രകാരം പഞ്ചായത്ത് വിഹിതമായ 2690453 രൂപയിൽ 750000 രൂപ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. പഞ്ചായത്ത് വിഹിതം പൂർണ്ണമായി നൽകിയിട്ടില്ല. പഞ്ചായത്ത് നൽകാൻ ബാക്കിയുള്ള വിഹിതം സംബന്ധിച്ചും, ഗുണഭോക്തൃ വിഹിതം പിരിക്കുന്നത് സംബന്ധിച്ചും പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ അവസ്ഥ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (8/23.1.2022) മറുപടി ഒന്നും ലഭ്യമാക്കിയിട്ടില്ല. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ 13.10.2020-ലെ 4(1)-ാം നമ്പർ തീരുമാനം പ്രകാരം 879 പേരുടെ ഗുണഭോക്തൃ ലിസ്റ്റിന് പഞ്ചായത്ത് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്താൻ പഞ്ചായത്തിന്റെ ഭാഗത്തിൽനിന്നുള്ള ആവശ്യമായ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.

## 1-18 ലൈഫ് ഭവന നിർമ്മാണ പദ്ധതി - ആനുകൂല്യം കൈപ്പറ്റിയവർ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

ഭൂമി ഉള്ളവരും ഇല്ലാത്തവരുമായ എല്ലാ ഭവന രഹിതർക്കും മാന്യവും വാസയോഗ്യവുമായ ഭവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തിനായി സംസ്ഥാന സർക്കാരിന്റെ നവകേരള മിഷന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതിയാണ് ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി. പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലായി ഭൂമിയുള്ള ഭവന രഹിതർക്ക് വീട് വയ്ക്കുന്നതിനും ഭൂരഹിത ഭവനരഹിതരായവർക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. ആറന്മുള ഗ്രാമപഞ്ചായത്തിലും ഇത്തരത്തിലുള്ള വിഭാഗങ്ങൾക്ക് ധനസഹായം ലഭ്യമാക്കുന്നതിന് വാർഷിക പദ്ധതിയുടെ ഭാഗമായി തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട് ഭവന നിർമ്മാണത്തിനായി തുക മുൻകൂർ കൈപ്പറ്റിയിട്ടുള്ളവർ നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നതായും ഭൂമി വാങ്ങുന്നതിന് ധനസഹായം ലഭിച്ചവർ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതായും പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. സ്വന്തമായി ഭൂമിയുള്ളതും ഭവനനിർമ്മാണ ആനുകൂല്യം കൈപ്പറ്റിയതുമായ ഗുണഭോക്താക്കൾ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഭവന നിർമ്മാണത്തിന് കൈപ്പറ്റിയ തുക | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | മുരുകൻ,<br>അശ്വതി ഭവൻ | 40,000 | 10.07.2018-ൽ 1 ഗഡു കൈപ്പറ്റി. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 2 | വസുന്ധര,<br>വട്ടന്റെ പറമ്പിൽ | 3,60,000 | 28.03.2019 വരെ 4 ഗഡു കൈപ്പറ്റി. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| 3 | രമാ പ്രകാശ്,<br>കൈപ്പള്ളിൽ | 3,40,000 | 17.09.2020 വരെ 5 ഗഡു കൈപ്പറ്റി. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 4 | തങ്കമ്മ,<br>പൊയ്കമോടിയിൽ | 2,50,000 | 16.07.2020 വരെ 3 ഗഡു കൈപ്പറ്റി. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 5 | വത്സല,<br>കല്ലുകാലായിൽ | 2,00,000 | 03.07.2019 വരെ 2 ഗഡു കൈപ്പറ്റി. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 6 | വാസുദേവൻ,<br>ചരുവിൽ | 3,60,000 | 03.04.2019 വരെ 4 ഗഡു കൈപ്പറ്റി. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 7 | തുളസീധരൻ നായർ,<br>തൈപ്ലാവുനിൽക്കുന്നതിൽ | 40,000 | 13.07.2018-ൽ 1 ഗഡു കൈപ്പറ്റി. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 8 | ശ്രീധരൻ നായർ,<br>ശ്രീകൃഷ്ണ വിലാസം | 40,000 | 13.07.2018 വരെ 5 ഗഡു കൈപ്പറ്റി. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 9 | ജയചന്ദ്രൻ,<br>വൈയിരിശ്ശേരിൽ വീട് | 3,60,000 | 28.03.2019 വരെ 3 ഗഡു കൈപ്പറ്റി. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 10 | രാധാമണി,<br>ചരിവുകാലായിൽ | 40,000 | 13.07.2018-ൽ 1 ഗഡു കൈപ്പറ്റി. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 11 | ഉണ്ണികൃഷ്ണൻ,<br>കടുവക്കാട്ടിൽ | 2,00,000 | 08.03.2019 വരെ 3 ഗഡു കൈപ്പറ്റി. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 12 | വത്സ,<br>മലയുടെ ചരുവിൽ | 2,00,000 | 30.12.2020 വരെ 2 ഗഡു കൈപ്പറ്റി. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 13 | പ്രസന്ന,<br>മുരിങ്ങത്തറയിൽ | 3,00,000 | 08.03.2019 വരെ 4 ഗഡു കൈപ്പറ്റി. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 14 | ഉദയകുമാർ,<br>പുല്ലുഴത്തിൽ | 3,50,000 | 20.03.2020 വരെ 4 ഗഡു കൈപ്പറ്റി. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 15 | വാസുദേവൻ,<br>ബ്ലോക്ക് നം. 95 | 40,000 | 30.01.2021-ൽ 1 ഗഡു കൈപ്പറ്റി. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 16 | നാരായണൻ,<br>പുലിക്കുന്നിൽ | 2,00,000 | 07.07.2021 വരെ 2 ഗഡു കൈപ്പറ്റി. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |

2. വസ്തു/ഭവന നിർമ്മാണം ധനസഹായം ലഭിച്ചവർ ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വസ്തു വാങ്ങുവാൻ ലഭിച്ച തുക | ഭവന നിർമ്മാണത്തിന് കൈപ്പറ്റിയ തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | സുശീലാ ദേവി, കൈപ്രാതലയ്ക്കൽ | 2,00,000 | 3,00,000 | 25.06.21 വരെ 3 ഗഡു കൈപ്പറ്റി. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 2 | ഗീത എസ്. കുമാർ ഗീതാഞ്ജലി | 2,00,000 | 2,00,000 | 07.01.21 വരെ 2 ഗഡു കൈപ്പറ്റി. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 3 | നിത്യശ്രീ, കാഞ്ഞിരം നിൽക്കുന്നതിൽ | 2,00,000 | 3,00,000 | 22.10.21 വരെ 3 ഗഡു കൈപ്പറ്റി. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 4 | പൊന്നമ്മ രാജൻ, ചൂരകുളഞ്ഞി തെക്കേതിൽ | 2,00,000 | 40,000 | 04.01.21-ൽ 1 ഗഡു കൈപ്പറ്റി. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 5 | രാമചന്ദ്രൻ നായർ, പരിയാരത്ത് | 2,00,000 | 3,00,000 | 11.06.21 വരെ 3 ഗഡു കൈപ്പറ്റി. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 6 | വസുമതി, തെക്കേ പള്ളത്ത് | 2,00,000 | 2,00,000 | 30.12.20 വരെ 2 ഗഡു കൈപ്പറ്റി. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 7 | ചന്ദ്രൻ ആശാരി, കൈപ്പള്ളിമലയിൽ | 2,00,000 | 40,000 | 25.06.21-ൽ 1 ഗഡു കൈപ്പറ്റി. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 8 | സുമ, കൊല്ലിരേത്ത് | 2,00,000 | 40,000 | 25.06.21-ൽ 1 ഗഡു കൈപ്പറ്റി. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 9 | ഓമന, കുന്നംപുറത്ത് തെക്കേതിൽ | 2,25,000 | 2,00,000 | 11.06.21 വരെ 2 ഗഡു കൈപ്പറ്റി. നിർമ്മാണം |

| | | | | |
|---|---|---|---|---|
| | | | | പൂർത്തീകരിച്ചിട്ടില്ല |
| 10 | ബിന്ദു,<br>വടക്കേമോടിയിൽ | 2,25,000 | 3,00,000 | 22.10.21 വരെ 3 ഗഡു കൈപ്പറ്റി.<br>നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 11 | സജിത,<br>ചിന്നാലിൽ | 2,25,000 | 2,00,000 | 22.10.21 വരെ 2 ഗഡു കൈപ്പറ്റി.<br>നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 12 | ആതിര,<br>വരിക്കാട്ടിൽ പടിഞ്ഞാറ്റേതിൽ | 2,25,000 | 40,000 | 07.01.21-ൽ 1 ഗഡു കൈപ്പറ്റി.<br>നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 13 | ശ്രീധരൻ,<br>ലക്ഷം വീട് | 2,25,000 | 3,60,000 | 22.10.21 വരെ 3 ഗഡു കൈപ്പറ്റി.<br>നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |

3. സ്വന്തം നിലയിൽ വസ്തുവാങ്ങി ഭവന നിർമ്മാണത്തിന് ആനുകൂല്യം കൈപ്പറ്റിയവർ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഭവന നിർമ്മാണത്തിന് കൈപ്പറ്റിയ തുക | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | രാജമ്മ കേശവൻ,<br>പേഴുംകാട്ട് മോടിയിൽ | 3,00,000 | 22.11.21 വരെ 3 ഗഡു കൈപ്പറ്റി.<br>നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 2 | രാജമ്മ,<br>മണക്കാലിൽ | 40,000 | 23.03.21-ൽ 1 ഗഡു കൈപ്പറ്റി.<br>നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 3 | സലിൻ രാജ്,<br>കരിമാരേത്ത് | 40,000 | 27.03.21-ൽ 1 ഗഡു കൈപ്പറ്റി.<br>നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 4 | വത്സലാ കുമാരി,<br>കല്ലുകാലായിൽ | 2,00,000 | 22.10.21 വരെ 2 ഗഡു കൈപ്പറ്റി.<br>നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 5 | ബെന്നി സ്കറിയ,<br>കല്ലുകാലായിൽ | 3,00,000 | 22.10.21 വരെ 3 ഗഡു കൈപ്പറ്റി.<br>നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 6 | രത്നമ്മ,<br>പുത്തൻവീട് | 2,00,000 | 22.10.21 വരെ 2 ഗഡു കൈപ്പറ്റി.<br>നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |

4. ഭൂമി വാങ്ങുന്നതിന് ധനസഹായം ലഭിച്ചവർ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വസ്തു വാങ്ങുന്നതിന് ലഭിച്ച തുക |
|---|---|---|
| 1 | സന്ധ്യ, മണലൊടിയിൽ | 29.07.2020-ൽ 2,00,000 രൂപ ധനസഹായം ലഭിച്ചു. ഭവന നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല. |
| 2 | രഞ്ജിനി, കൊച്ചുപറമ്പിൽ | 29.07.2020-ൽ 2,25,000രൂപ ധനസഹായം ലഭിച്ചു. ഭവന നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല. |
| 3 | അനീഷ് കുമാർ, അനീഷ് ഭവൻ | 22.03.2021-ൽ 2,25,000 രൂപ ധനസഹായം ലഭിച്ചു. ഭവന നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല. |

ടി ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനുള്ള സാഹചര്യം വിലയിരുത്തേണ്ടതും തുടർനടപടികൾ സ്വീകരിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥനും ഉചിതമായ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-19 കോമാട്ടുപടി കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്, നമ്പർ | കോമാട്ടുപടി കുടിവെള്ള പൈപ് ലൈൻ പദ്ധതി പൈപ് ലൈൻ നീട്ടൽ (252/21) |
| വകയിരുത്തൽ | 500000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 500000/- ട്രഷറി ബിൽ നം. 200702520148014415726/30.3.2021 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതി പ്രകാരം കോമാട്ടുപടി കുടിവെള്ള പദ്ധതിയുടെ ഭാഗമായി വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിന് ഭൂജല വകുപ്പ് 543000/- രൂപയുടെ എസ്റ്റിമേറ്റ് നൽകി. ആയതിന് പ്രകാരം അഞ്ച് ലക്ഷം രൂപ മേൽ സൂചിപ്പിച്ച പ്രകാരം നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനായി ഒരു സ്വകാര്യ വ്യക്തിയുടെ പേരിലുള്ള 1.41 ആർ സ്ഥലം പഞ്ചായത്തിന് വിട്ടു നൽകിയിട്ടുണ്ട്. എന്നാൽ, നാളിതുവരെ വാട്ടർ ടാങ്ക് സ്ഥാപിച്ചിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/24.2.2022) മറുപടിയായി 2021-22 വർഷം പ്രസ്തുത പൂർത്തീകരിണത്തിനായി 197490/- രൂപ വകയിരുത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണത്തിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-20 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പ്രോജക്റ്റ് നടത്തിപ്പിലെ അപാകത

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്, നമ്പർ | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (220/21) |
| വകയിരുത്തൽ | 450000/- (വികസന ഫണ്ട് - SCP) |
| ചെലവ് | 450000/-<br>ട്രഷറി ബിൽ നം. 20070252014800608478/12.10.2020 – 130000<br>ട്രഷറി ബിൽ നം. 20070252014800639217/20.10.2020 – 80000<br>ട്രഷറി ബിൽ നം. 20070252014800677918/2.11.2020 – 140000<br>ട്രഷറി ബിൽ നം. 20070252014800727697/12.11.2020 – 80000<br>ട്രഷറി ബിൽ നം. 20070252014800882315/4.1.2021 – 20000 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച വിദ്യാർത്ഥികൾക്ക് മറ്റ് സ്ഥാപനങ്ങളിൽ നിന്നും (ബ്ലോക്ക് പഞ്ചായത്ത് ഉൾപ്പെടെ) സ്കോളർഷിപ്പ് ലഭിച്ചിട്ടില്ലെന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. പ്രസ്തുത സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളിൽ നിന്നും സ്കോളർഷിപ്പ് ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (7/23.1.2022) നൽകിയ മറുപടിയിൽ പന്തളം ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി വികസന ഓഫീസറുടെ കത്തിൽ ബിരുദ/ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്ന പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. രണ്ടും സമാന പ്രോജക്റ്റുകളായതിനാൽ ഇരട്ടിപ്പ് വരാൻ സാദ്ധ്യതയുണ്ട് എന്നതിനാൽ മറുപടി അംഗീകരിക്കുന്നില്ല. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്റ്റ് പ്രകാരം ലഭിച്ചിട്ടില്ലായെന്ന് സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-21 പൊതുടാപ്പുകളുടെ വെള്ളക്കരം കുറയ്ക്കാൻ നടപടികൾ സ്വീകരിക്കുന്നില്ല

പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 188 പൊതുടാപ്പുകൾക്ക് പ്രതിമാസം 82250/- രൂപ നിരക്കിൽ തൻ സാമ്പത്തിക വർഷം 987000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഓരോ വാർഡിലെയും പ്രവർത്തനക്ഷമമല്ലാത്ത വാട്ടർ ടാപ്പുകൾ കണ്ടെത്തുന്നതിനും അവയെ ഒഴിവാക്കുന്നതിനോ പ്രവർത്തനക്ഷമമാക്കുന്നതിനോ വേണ്ടി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്താൻ യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. 21.2.2019-ലെ ഡിഎ1/17/2019 നമ്പർ സർക്കുലർ പ്രകാരം നടത്തേണ്ട സംയുക്ത പരിശോധന നടത്തിയിട്ടില്ല. പട്ടികജാതി കോളനികളിലെ പൊതുടാപ്പുകൾ നിലനിർത്തി, ഗാർഹിക കണക്ഷൻ നൽകാനുള്ള പദ്ധതികൾ 2018-19, 2019-20 വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത ഗാർഹിക കണക്ഷനുകൾ നൽകിയ പ്രദേശങ്ങളിൽ പൊതുടാപ്പുകളുടെ ആവശ്യമുണ്ടോ എന്ന് പരിശോധിച്ച് ആയവ ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/27.1.2022) പഞ്ചായത്ത് മറുപടി ഒന്നും നൽകിയിട്ടില്ല. വെള്ളക്കരമിനത്തിലെ ചെലവ് കുറയ്ക്കാൻ പഞ്ചായത്ത് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 ഹോമിയോ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി (പ്രോജക്ട് നം. S0258/21) 2020-21 വർഷം ഹോംകോ, മാനേജിംഗ് ഡയറക്ടർക്ക് 1,00,000 രൂപ ( ബിൽ നം. 20070252013400685402/03.11.2020) മുൻകൂറായി ഒടുക്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ നാളിതുവരെയായും ലഭ്യമായിട്ടില്ല.രോഗികൾക്ക് ആശ്വാസമാകേണ്ട ആരോഗ്യ കേന്ദ്രങ്ങൾക്ക് യഥാസമയം മരുന്നുകൾ ലഭ്യമാകാത്തത് ഗൗരവകരമായ വസ്തുതയാണ്. ഈ വിഷയത്തിൽ ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥയും തുടർനടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-23 ജി.എസ്.ടി തുക ഈടാക്കിയില്ല.

2020-21 സാമ്പത്തിക വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയിൽ നിന്നും 2% GST ഈടാക്കിയിട്ടില്ല (SGST-1%,CGST-1%). CGST,2017വകുപ്പ് 51(1)(d) പ്രകാരം ഗവൺമെന്റ് വകുപ്പുകളും തദ്ദേശഭരണ സ്ഥാപനങ്ങളും സേവനങ്ങൾ സപ്ളൈ ചെയ്യുന്ന കരാറുകാർക്ക് 2.5 ലക്ഷം രൂപയിൽ കൂടുതൽ ബിൽ തുക നൽകുകയാണെങ്കിൽ 2% GST സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. G.O(P)No:162/2018/Fin;22.10.2018 മുഖേന ഇപ്രകാരം ഈടാക്കിയ നികുതി അടവാക്കുന്ന നിർദ്ദേശങ്ങളും സർക്കാർ നൽകിയിരുന്നു.എന്നാൽ താഴെ പറയുന്ന പ്രവൃത്തിയുടെ ഫൈനൽ ബിൽ തുക നൽകിയപ്പോൾ ഇപ്രകാരം GST തുക ഈടാക്കിയിട്ടില്ല എന്നു കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം , പേര് | കരാറുകാരന്റെ പേര്, പ്രവൃത്തിമൂല്യം | ബിൽ നം, തീയതി | ഈടാക്കേണ്ട നികുതി 2%* പ്രവൃത്തിമൂല്യം (SGST-1%,CGST 1%) |
|---|---|---|---|---|
| 1 | 136/2020,<br>പുളിയേരിപ്പടി കോഴിമല സൺഡേ സ്കൂൾ റോഡ് കോൺക്രീറ്റിംഗ്, | സജിത്ത് കെ.<br>267047 | 254229,<br>884418/01.01.2021 | 5340 |

ജി എസ് ടി തുക ഈടാക്കാതിരുന്നതിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കു (08/2020-21; 21.01.2022) മറുപടിയായി തുക കരാറുകാരനിൽ നിന്നും ഈടാക്കുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. ജി എസ് ടി തുക അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കുമ്പോൾ ഓഡിറ്റ് പരാമർശം തീർപ്പാക്കുന്നതാണ്.

## 1-24 ബിറ്റുമിൻ ഉപയോഗിച്ചതിന്റെ ബില്ലുകളുടെ അഭാവത്തിൽ കരാറുകാർക്കു തുക അനുവദിച്ചു

കേരള സർക്കാർ, ധനകാര്യ വകുപ്പിന്റെ ഉത്തരവു (G.O.(P.)No.96/2016/Fin., Dtd. 15.07.2016) പ്രകാരം ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ ബില്ലുകൾ ഹാജരാക്കിയാൽ മാത്രമെ ടാറിംഗ്/റീടാറിംഗ് പ്രവൃത്തിയുടെ ഫൈനൽ ബിൽ തുക നൽകാൻ പാടുള്ളൂ എന്നു നിർദ്ദേശിട്ടുണ്ട്. എന്നാൽ ബിറ്റുമിൻ വാങ്ങിയതിന്റെ യഥാർത്ഥ ബില്ലുകൾ ഹാജരാക്കാത്ത കരാറുകാരനു ഫൈനൽ ബിൽ തുക അനുവദിച്ചു . താഴെ പറയുന്ന രണ്ടു റീടാറിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ ബിറ്റുമിൻ വാങ്ങിയതിന്റെ ബില്ലുകൾ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം / പേര് | കരാറുകാരന്റെ പേര് , എം ബുക്ക് നമ്പർ | ബിറ്റുമിന്റെ അളവ് (Kg) എം ബുക്ക് പ്രകാരം | ബിൽ തുക, ബിൽ നമ്പർ / തീയതി | ബിറ്റുമിനു DSR പ്രകാരം നൽകിയ തുക (Kg*42.07) |
|---|---|---|---|---|---|
| 1 | 430/20,പുന്നമല കുരിശുംമൂട് മാർക്കറ്റ് റോഡ് റീടാറിംഗ് | പ്രസാദ് T.N, കാവിൽ കിഴക്കേതിൽ, കാർത്തിക. ഇടശ്ശേരിമല | 3578 Kg | 629445 | 3578*42.07 =150526 |
| 2 | 408/20, ഇട്ടിമണ്ണിൽപ്പടി ചുട്ടിപ്പാറ റോഡ് റീടാറിംഗ് | മോഹനൻ റ്റി, ഇരപ്പൻപാറ, എരുമക്കാട് 95/20-21 | 1496 | 197595 | 1496*42.07 =62937 |
| | ആകെ | | | | 213463 |

നിലവിൽ ഇ-മെയിൽ മുഖേന ഇൻവോയിസുകൾ ലഭ്യമാകുന്നതിനാൽ ആധികാരികത ഉറപ്പാക്കാനാവാത്ത സാഹചര്യം ഉണ്ടെന്നും ആയതിനാൽ ഒരു പ്രവൃത്തിയ്ക്ക് ബിറ്റുമിൻ വാങ്ങുന്നതിനു വേണ്ടി ഇൻഡന്റ് നൽകുമ്പോൾ അനുവദിച്ച കാര്യാലയത്തിലേക്കും ഇ-മെയിൽ മുഖേന 'ഈ ഇൻഡന്റ് മുഖേന നൽകുന്ന ടാറിന്റെ ബില്ലിന്റെ പകർപ്പ് നൽകണം' എന്ന പരാമർശം ഇൻഡന്റിൽ രേഖപ്പെടുത്താൻ നിർദ്ദേശിച്ചിരുന്നു.ബില്ലുകളിൽ റഫറൻസായി ഇൻഡന്റ് നമ്പർ കൂടി രേഖപ്പെടുത്താൻ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 26.03.2021 ലെ DB6/6809/CE സർക്കുലർ പ്രകാരം നിർദ്ദേശിച്ചിരുന്നു. അപ്രകാരം ഇ-മെയിൽ മുഖേന ഇൻവോയിസുകൾ BPCL ൽ നിന്നും ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പുകളോ അല്ലാത്തപക്ഷം ഒറിജിനൽ ഇൻവോയിസുകളോ ഹാജരാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 07/2020-21; 21.01.2022) നൽകിയിരുന്നു. ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ ബില്ലുകൾ ഹാജരാക്കുവാൻ കരാറുകാർക്ക് നിർദ്ദേശം നൽകിയതായി അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനു മറുപടി നൽകിയിട്ടുണ്ട്. ബിറ്റുമിൻ ഉപയോഗിച്ചതിനു ബിൽ പ്രകാരം കരാറുകാരനു നൽകിയ ₹213463 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഒറിജിനൽ ബില്ലുകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാനുള്ള നടപടികൾ അസിസ്റ്റന്റ് എഞ്ചിനീയർ സ്വീകരിക്കേണ്ടതാണ്.

## 1-25 അഗതി രഹിത കേരളം പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ല

പഞ്ചായത്തിലെ അശരണരും നിരാലംബരുമായ മുഴുവൻ കുടുംബങ്ങളും, നിലവിലെ ആശ്രയ പദ്ധതിയിലുൾപ്പെട്ടിട്ടുള്ളവരും തുടർന്നും സേവനം അർഹരായവരുമായ ഗുണഭോക്താകളെയും കണ്ടെത്തി പുനരധിവാസിപ്പിക്കുന്നതിനാണ് അഗതി രഹിത കേരളം എന്ന പദ്ധതി ആവിഷ്കരിച്ചത്. 10.3.2019-ലാണ് ആറന്മുള ഗ്രാമപഞ്ചായത്തിനെ അഗതി രഹിത കേരളം പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചത്. 26245400/- രൂപ അടങ്കലുള്ള പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

| ഇനം | വകയിത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| ഭക്ഷണം | 3548880 | 1887242 |
| ചികിത്സ ധനസഹായം | 6480000 | |
| വീട് നിർമ്മാണം | 13600000 | |
| വീട് മെയിന്റനൻസ് | 1400000 | |
| വൈദ്യുതികരണം | 190000 | |
| കുടിവെള്ളം | 90000 | |

| | | |
|---|---|---|
| വസ്ത്രം | 378000 | |
| തൊഴിൽ പരിശീലനം | 30000 | |
| കൗൺസിലിംഗ് | 19200 | |
| പലവക | 19320 | |
| മെഡിക്കൽ ക്യാമ്പ് | 75000 | |
| വിദ്യാഭ്യാസം | 486000 | |
| റിസർവ് ഫണ്ട് | 100000 | |
| | 26245400 | 1887242 |

പദ്ധതിയുടെ ചെലവ് പൂർണ്ണമായും ഭക്ഷണ വിതരണത്തിൽ മാത്രമാണ് പരിമിതപ്പെട്ടരിക്കുന്നു.വീട് നിർമ്മാണത്തിനുള്ള 34 ഗുണഭോക്താകളിൽ ആരെയും നാളിതുവരെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ആശ്രയ രണ്ടാം ഘട്ട പദ്ധതിയുടെ ബാലൻസ് തുകയായ 1036395/- രൂപ പ്രസ്തുത പദ്ധതിയ്ക്കായി ആരംഭിച്ച് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. സികസന ഫണ്ട് ഇനത്തിൽ 2019-20 വർഷം ലഭിച്ച തുക (ട്രഷറി ബിൽ നം. 1907025014800480729/21.8.2019) ചെലവഴിക്കാതെ അവശേഷിക്കുന്നു. തൻ വർഷം വികസന ഫണ്ട് ഒന്നും ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ തുക ലഭ്യമാക്കാനും ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. തൻവർഷം ചലഞ്ച് ഫണ്ടിനത്തിൽ ലഭിച്ച 1198935/- രൂപയിൽ 1152963/- രൂപ ഭക്ഷണവിതരണത്തിന് മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതിയുടെ നടത്തിപ്പ് ഭക്ഷണവിതരണത്തിൽ മാത്രമായി പരിമിതപ്പെട്ടരിക്കുന്നു. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടക്കുന്നില്ല. പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിലുള്ള പദ്ധതി വിലയിരുത്തൽ ഉപസമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം തൃപ്തികരമല്ല. പഞ്ചായത്ത് ഭരണസമിതിയും പദ്ധതിയുടെ നടത്തിപ്പിൽ താല്പര്യം കാണിക്കുന്നില്ല. പദ്ധതിയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി ഗുണഭോക്താകൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിന് ആവശ്യമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 സെൽഫ് ഡിക്ളറേഷൻ ഫാറമില്ലാതെ കരാറുകാർക്ക് ജിഎസ് ടി കോമ്പൻസേഷൻ

മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന എല്ലാ കരാറുകാരും നിർബന്ധമായും GST രജിസ്ട്രേഷൻ എടുക്കേണ്ടതും ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതുമാണെന്ന് 01.11.2017 ലെ (അച്ചടി) നം: 87/2017/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, സ.ഉ. (സാധാ) നം: 2532/2018/തസ്വഭവ;29.09.2018 സർക്കാർ ഉത്തരവ് പ്രകാരം GST കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിന് കരാറുകാർ അവരുടെ പൂർണ്ണമായ മേൽവിലാസം,GST നമ്പർ എന്നിവ ഉൾപ്പെടുത്തി ഒരു സെൽഫ് ഡിക്ലറേഷൻ നൽകണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി സമർപ്പിക്കേണ്ട മാതൃകയും സർക്കാർ ഈ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളിലും 12% GST പ്രവൃത്തിമൂല്യത്തിൽ നിന്നും കരാറുകാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഫയലുകളിലൊന്നും തന്നെ കരാറുകാരുടെ സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുകയും 12% GST കോമ്പൻസേഷൻ നേടുകയും ചെയ്ത കരാറുകാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കരാറുകാരന്റെ പേര്, വിലാസം |
|---|---|
| 1. | സജിത്ത് കെ,ഓതറേത്ത്, നീർവിളാകം |
| 2 | മോഹനൻ റ്റി,എരപ്പൻപാറ, എരുമക്കാട് |
| 3 | പ്രസാദ് റ്റി.എൻ, കാവിൽ കിഴക്കേതിൽ ,കാർത്തിക, ഇടയാറന്മുള |
| 4 | ജോജി തോമസ്, നെടിയകാലായിൽ, ഇടയാറന്മുള |
| 5 | സുദർശനൻ, സുദർശന വിലാസം, മാരാമൺ |
| 6 | വി.കെ ബാബുരാജ്, പറമ്പിൽ, കോട്ട |
| 7 | അനിൽകുമാർ N.C, സൗപർണ്ണിക, കോട്ട |
| 8 | വിവേകാനന്ദ ലേബർ സൊസൈറ്റി, മാലക്കര |
| 9 | മനോജ് പുന്നൂസ്, അക്കര കണ്ടത്തിൽ, മഴുക്കീർ |

| | |
|---|---|
| 10 | രാജൻ പി മാത്യു, പാറടയിൽ, എരുമക്കാട് |
| 11 | P R പുരുഷോത്തമൻ നായർ, പുത്തൻപുരയിൽ, ഇടയാറന്മുള |
| 12 | വേണുഗോപാലൻ നായർ, വേണുസദനം, ഇടയാറന്മുള |
| 13 | വിനീത് രാജൻ , കാട്ടുപറമ്പിൽ, വല്ലന |
| 14 | മുരളീധരൻ, മധുകോടിക്കൽ, ആറന്മുള |
| 15 | കെ.കെ രാജൻ, കാട്ടുപറമ്പിൽ, വല്ലന |
| 16 | വിഷ്ണു എം പിള്ള, മുല്ലയ്ക്കൽ വൈഷ്ണവം, മല്ലപ്പുഴശ്ശേരി |
| 17 | K.G വിൽസൺ, NS കോട്ടേജ്, പറന്തൽ |
| 18 | ബാലചന്ദ്രൻ നായർ എം വി, മേലേതിൽ പുത്തൻവീട്, ഇടപ്പാവൂർ |
| 19 | എ ജി രാജ്മോഹൻ നായർ, അമ്പലത്ത് വീട്, ഇടപ്പാവൂർ |
| 20 | റോയി കുര്യാക്കോസ്, പാണംപടിയ്ക്കൽ, കുറിച്ചിമുട്ടം |

ഈ കരാറുകാരുടെ GST നമ്പർ രേഖപ്പെടുത്തിയ സെൽഫ് ഡിക്ലറേഷൻ ഫോം ഓഡിറ്റിനു ഹാജരാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കു (നം:09/2020-21 ; 21.01.2022) മറുപടിയായി ഫോം ഹാജരാക്കുവാൻ കരാറുകാർക്ക നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. ഫോമുകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം തീർപ്പാക്കാനുള്ള നടപടികൾ അസിസ്റ്റന്റ് എഞ്ചിനീയർ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 800000 | നെൽകൃഷിയ്ക്ക് കൂലി ചെലവ് | 799955 | 45 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 1258000 | വെറ്റിലകൃഷിയ്ക്ക് കൂലി ചെലവ് | 1123720 | 134280 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 78167 | സാന്ത്വന പരിചരണം | 8000 | 70167 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 620000 | ലൈഫ് മിഷൻ ഭവന നിർമ്മാണം (എസ്.സി.പി) | 570000 | 50000 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 1800000 | ലൈഫ് മിഷൻ ഭവന നിർമ്മാണം | 1800000 | 0 |
| പന്തളം ബ്ലോക്ക് | 100000 | ലൈഫ് മിഷൻ ഭവന നിർമ്മാണം | 95000 | 5000 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | | | |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 100000 | അംഗൻവാടി പോഷകാഹാരം | 100000 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 150000 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 200000 | പാലിന് സബ്സിഡി | 169701 | 30299 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 24939 | പാലിന് സബ്സിഡി (വനിത) | 24939 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 100000 | കറവപശുക്കൾക്ക് കാലിത്തീറ്റ | 100000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 500000 | നെൽകൃഷിയ്ക്ക് കൂലി ചെലവ് | 399900 | 100 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 353351 | വെറ്റിലകൃഷിയ്ക്ക് കൂലി ചെലവ് | 299968 | 53383 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 780000 | ലൈഫ് മിഷൻ ഭവന നിർമ്മാണം | 780000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 280000 | ലൈഫ് മിഷൻ ഭവന നിർമ്മാണം (എസ്.സി.പി) | 280000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 320000 | ലൈഫ് മിഷൻ ഭവന നിർമ്മാണം | 320000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ (218/21) | 20070252015700770476/25.11.2020 | 480000/- | 0 | 480000/- |
| കെ.എസ്.ഇ.ബി | കോളനികളിലെ റോഡുകളിൽ ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (249/21) | 20070252014800681377/3.11.2020, 20070252014800727681/12.11.2020, 20070252014800736184/11.2.2021 & 20070252014801342942/24.3.2021 | 32814/- | 7160/- | 25694/- |
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (278/21) | 20070252015700986176/23.1.2021, 20070252015701109045/18.2.2021, 20070252015701303258/20.3.2021 | 114697/- | 8557/- | 106410/- |
| കെ.എസ്.ഇ.ബി | പോസ്റ്റ് സ്ഥാപിച്ച് ലൈൻ വലിക്കൽ (219/21) | 20070252015700821401/11.12.2020, 20070252015701109048/18.2.2021, 20070252015701314664/22.3.2021 Ch. No. 2970314/ 25.11.2020 | 498093/- | 219610/- | 278483/- |
| ഭൂജല വകുപ്പ് | കോമാട്ടുപടി കുടിവെള്ള പൈപ് | 200702520148014415726/30.3.2021 | 500000/- | 0 | 500000/- |

| | | | | | |
|---|---|---|---|---|---|
| | ലൈൻ പദ്ധതി പൈപ് ലൈൻ നീട്ടൽ (225/21) | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 1420000 | 4441553 | 804510 | 0 | 5037043 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 13750/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയതി |
|---|---|---|---|---|
| 2015-16 | 2-2 | 1250 | ശ്രീ. അരവിന്ദാക്ഷൻ ഭട്ടത്തിരി | 120030101225/18.8.2020 |
| 2015-16 | 2-2 | 1250 | ശ്രീ. സുനിൽകുമാർ എസ് ഇ | 120030101226/18.8.2020 |
| 2015-16 | 2-2 | 1250 | ശ്രീ. അനിൽ ഒ എൻ | 120030101227/18.8.2020 |
| 2015-16 | 2-2 | 1250 | ശ്രീ. ഷാജി ഒ | 120030101228/18.8.2020 |
| 2015-16 | 2-2 | 1250 | ശ്രീ. സുരേന്ദ്രൻ നായർ | 120030101229/18.8.2020 |
| 2015-16 | 2-2 | 1250 | ശ്രീ. വേണുഗോപാൽ | 120030101230/18.8.2020 |
| 2015-16 | 2-2 | 1250 | ശ്രീ. കൃഷ്ണൻ നമ്പൂത്തിരി | 120030101231/18.8.2020 |
| | ആകെ | 13750 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് | 3-6 | 2015-16 | 3.6.2 | അടിസ്ഥാന സൗകര്യങ്ങൾ പര്യാപ്തമല്ല- എസ്.സി, എസ്.റ്റി കോളനികളിൽ | പരാമർശം നിലനിൽക്കുന്നു |
| | 3-6 | 2015-16 | 3.7.7 | കുറുമ്പൻ ദൈവത്താൻ സ്മാരകം- തുടർ പ്രവർത്തനങ്ങൾ ഇല്ല | പരാമർശം നിലനിൽക്കുന്നു |
| | 3-6 | 2015-16 | 3.7.11 | എസ്.സി പ്രൊമോട്ടർ കർമ്മസമിതി യോഗങ്ങളിൽ പങ്കെടുക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം | വസ്തുനികുതി- വിവിധ അപാകതകൾ | പരാമർശം നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2-3 | 2016-17 | അനുബന്ധം | വസ്തുനികുതി- വിവിധ അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം | തൊഴിൽ നികുതി- വിവിധ അപാകതകൾ | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 145633870.50 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 119689348 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 213463 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 213463 | ശ്രീ. ഉണ്ണികൃഷ്ണപിള്ള കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | 213463 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-15

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഉണ്ണികൃഷ്ണപിള്ള കെ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ആറന്മുള ഗ്രാമപഞ്ചായത്ത് | ബിന്ദു ഭവൻ, കിടങ്ങന്നൂർ.പി.ഒ, പത്തനംതിട്ട |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1991-92 | എൽ.എഫ്.പിറ്റിഎ/പി2/324/94, തീ.15.07.94 | 10 |
| 1995-96 | എൽ.എഫ്.പിറ്റിഎ/പി2/119/98, തീ.04.06.99 | എല്ലാ ഖണ്ഡികകളും |
| 1996-97 | എൽ.എഫ്.പിറ്റിഎ/പി3/746/2003, തീ.06.05. | എല്ലാ ഖണ്ഡികകളും |

| | | |
|---|---|---|
| 1997-98 (DCB) | എൽ.എഫ്.പിറ്റിഎ/പി3/346/04, തീ. 14.09.04 | എല്ലാ ഖണ്ഡികകളും |
| 1998-99 (DCB) | എൽ.എഫ്.പിറ്റിഎ/പി3/347/04, തീ. 15.09.04 | എല്ലാ ഖണ്ഡികകളും |
| 1999-00 (ചെലവ്) | എൽ.എഫ്.പിറ്റിഎ/പി3/844/00, തീ. 29.09.01 | എല്ലാ ഖണ്ഡികകളും |
| 2000-01 (ജ.ആ) | എൽ.എഫ്.പിറ്റിഎ/പി3/488/00 തീ. 03.11.03 | എല്ലാ ഖണ്ഡികകളും |
| 2000-01 (ചെലവ്) | എൽ.എഫ്.പിറ്റിഎ/പി3/477/05, തീ. 05.11.06 | എല്ലാ ഖണ്ഡികകളും |
| 2001-02 (ചെലവ്) | എൽ.എഫ്.പിറ്റിഎ/പി3/478/05, തീ.05.01.06/15.02.06 | 2 |
| 2002-03 | എൽ.എഫ്.പിറ്റിഎ/പി3/121/07 തീയതി 08.05.07/05.10.07 | 1 |
| 2003-04 | എൽ.എഫ്.പിറ്റിഎ/പി6/642/09 തീയതി 13.04.10 | 6 |
| 2004-05 | എൽ.എഫ്.പിറ്റിഎ/പി5/490/10, തീ. 09.12.11 | 7 |
| 2005-06 | എൽ.എഫ്.പിറ്റിഎ/പി5/491/10, തീ.11.01.11 | 3 |
| 2006-07 2009-10 | എൽ.എഫ്.പിറ്റിഎ/പി5/687/12, തീ.30.10.12 | 8 |
| 2011-12 | എൽ.എഫ്.പിറ്റിഎ/പി5-572/13 തീയതി 23.09.13 | 3 |
| 2012-13 2013-14 | എൽ.എഫ്.പിറ്റിഎ/പി11/894/14 തീയതി 01.12.14/04.02.15 | 6 |
| 2014-15 | കെ.എസ്.എ.പിറ്റിഎ./പി11/682/16 തീയതി 24.6.2016 | 5 |
| 2015-16 | കെ.എസ്.എ.പിറ്റിഎ./പി11/1206/16 തീയതി 07.11.2016 | 16 |
| 2016-17 | കെ.എസ്.എ.പിറ്റിഎ. പി9/981/17 തീയതി: 13.09.2017 | 21 |
| 2017-18 | കെ.എസ്.എ.പിറ്റിഎ. പി11/97/19 തീയതി: 7.3.2019 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ.പിറ്റിഎ. പി11/944/19 തീയതി: 5.12.2019 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ.പിറ്റിഎ. പി11/146/22 തീയതി : 23.02.2022 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

പത്തനംതിട്ട

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്